പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3679    24/06/2014-ൽ മറുപടിക്ക്

# സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് അപേക്ഷ നൽകുന്നവർക്കെല്ലാം സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;<br><br>(സി) സൗജന്യ വൈദ്യുതി കണക്ഷനുള്ള മാനദണ്ഡങ്ങളും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുമോ ? | **(എ)യും (സി)യും**<br><br>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും, കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്സ്.സി/ എസ്.റ്റി. വിഭാഗക്കാർക്കും സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. കൂടാതെ മറ്റു വിഭാഗക്കാർക്ക് ആർ.ജി.ജി.വി.വൈ. പദ്ധതിയിൽപ്പെടുത്തി ഓ.എച്ച്. ലൈനുകൾ നിർമ്മിച്ച് വെതർ പ്രൂഫ് കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. ആർ.ജി. ജി.വി. വൈ. പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്ടഡ് ലോഡ് 500 വാട്ട്സിൽ താഴെയുള്ള എല്ലാ ബി.പി. എൽ, അപേക്ഷകർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്സ്.സി./എസ്സ്.റ്റി. വിഭാഗക്കാർക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്തവ) സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകുന്നുണ്ട്. ഈ വിഭാഗത്തിൽപെട്ട ലൈൻ നീട്ടൽ ആവശ്യമായ കണക്ഷനുകളും ബോർഡ് ചെലവിൽ നൽകുവാൻ പുതിയതായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്, ആവശ്യമായ രേഖകൾ സഹിതം നിശ്ചിത അപേക്ഷാ ഫോറത്തിൽ ഇലക്ട്രിക്കൽ |

(.....2)

സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എൻജിനീയർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകി; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം | നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 4188 | 4130 |
| 2 | കൊല്ലം | 6002 | 6002 |
| 3 | പത്തനംതിട്ട | 1802 | 1802 |
| 4 | കോട്ടയം | 1267 | 1267 |
| 5 | ഇടുക്കി | 51 | 51 |
| 6 | ആലപ്പുഴ | 3634 | 3634 |
| 7 | എറണാകുളം | 1116 | 1116 |
| 8 | തൃശ്ശൂർ | 2691 | 2691 |
| 9 | പാലക്കാട് | 17597 | 17272 |
| 10 | മലപ്പുറം | 7209 | 7200 |
| 11 | കോഴിക്കോട് | 8057 | 7525 |
| 12 | വയനാട് | 7302 | 7244 |
| 13 | കണ്ണൂർ | 8216 | 8186 |
| 14 | കാസറഗോഡ് | 4838 | 4827 |

സെക്ഷൻ ഓഫീസർ